(ബി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കാത്തതു കാരണം തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മുഴുവൻ ബ്ലോക്കുകളിലും ബി. പി. ഒ. മാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാലക്കാട്, വയനാട് ജില്ലകളിലാണ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഭരണ ചെലവ് 6 ശതമാനത്തിൽ അധികരിക്കാത്ത തരത്തിൽ മെച്ചപ്പെട്ട രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതും പ്രതിവർഷം നാലായിരം കുടുംബങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യുന്ന, സംസ്ഥാനത്തെ 65 ബ്ളോക്കുകളിൽ, ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

141 (4765) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ചകൾ വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(സി) പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളുടെ വേതനം നൽകുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ ഓഡിറ്റിംഗ് നടത്താറുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി അനുസരിച്ച് സ്വകാര്യ വ്യക്തികളുടെ വസ്തുക്കളിൽ ജോലികൾ നടത്തുന്നത് ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ചില പഞ്ചായത്തുകളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിജ്ഞാപനങ്ങൾ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ള വിജ്ഞാപനങ്ങൾ. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഇറക്കുന്ന സർക്കുലറുകൾ എന്നിവയാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നൽകിയിട്ടുള്ളത്.

(സി) മസ്റ്റർറോൾ പ്രകാരം പണിയെടുത്തിട്ടുള്ള തൊഴിൽ കാർഡ് ഉടമകൾക്ക് പണിയുടെ അളവെടുത്ത് ബിൽ തയ്യാറാക്കിയാണ് കൂലി നൽകുന്നത്. ഓരോ തൊഴിലാളിയുടെയും വേതനം സ്വന്തം പേരിൽ ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിലേയ്ക്ക് പണി ചെയ്ത ദിവസങ്ങളുടെ കൂലി കണക്കാക്കി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികൾക്ക് ഈ അക്കൗണ്ടിൽ നിന്നും യഥേഷ്ടം സംഖ്യ പിൻവലിക്കാം.

(ഡി) ഉണ്ട്. അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നിവ നടത്തുന്നുണ്ട്. കൂടാതെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റും സോഷ്യൽ ആഡിറ്റ് പ്രകാരം സാമൂഹ്യ ഓഡിറ്റും നടത്തുന്നുണ്ട്.

(ഇ) നിയമത്തിന്റെ പട്ടിക 1 (1) ഡി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർ, ഭൂപരിഷ്കരണംമൂലം സ്ഥലം ലഭിച്ചവർ, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കൾ എന്നിവരുടെ സ്വകാര്യ ഭൂമിയിലും നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ 5 ഏക്കർ വരെയുള്ള ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിലും ജലസേചന സൗകര്യം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പണികൾ നടത്തുന്നത് ചട്ടപ്രകാരമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ 35 ലക്ഷത്തിലധികം തുക ചെലവഴിച്ച പഞ്ചായത്തുകൾ

142 (4766) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ വികസന കമ്മീഷണർ എന്തൊക്കെ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly